(ഡി) ചക്കിലിക്കടവ്-ഉമ്മർമുക്ക്, കിളിക്കൽ മുക്ക്-മണക്കാട് മുക്ക്-കിളിമുക്കൽക്കടവ് മുഴങ്ങാടിക്കടവ്, വൃന്ദാവനം കടത്തുകടവ് എന്നീ 4 റോഡുകളുടെയും മുട്ടത്തുമ്മൽ ഫിഷ് ലാന്റിംഗ് സെന്ററിന്റെയും പുതുപ്പള്ളി ഫിഷ് മാർക്കറ്റിന്റെയും നിർമ്മാണം ആരംഭിച്ചിട്ടില്ല. റോഡുകളുടെ പ്രവൃത്തികൾ ടെണ്ടർ ചെയ്ത് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ 2011 ജനുവരിയിൽ ആരംഭിക്കും. മുട്ടത്തുമ്മൽ ഫിഷ് ലാന്റിംഗ് സെന്ററിലെ ഓഫീസ് കെട്ടിടം, ടോയ്ലെറ്റ് ബ്ലോക്ക്, ഓട എന്നീ പ്രവൃത്തികൾക്ക് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. വാർഫും വല ഹാളും 2009 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം ടെണ്ടർ ചെയ്തിരിക്കുന്നതിൽ കാട്ടു ചെയ്ത നിരക്കിന്റെ ഫോം പീരീഡ് നീട്ടിക്കൊടുക്കാൻ കരാറുകാരൻ തയ്യാറാക്കാത്തതിനാൽ എസ്റ്റിമേറ്റ് പുതുക്കി ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പുതുക്കിയ ഭരണാനുമതി ലഭിച്ചയുടൻ ടെൻഡർ ചെയ്യുന്നതാണ്. പുതുപ്പള്ളി ഫിഷ് മാർക്കറ്റിന്റെ ഭരണാനുമതി 2009 ഷെഡ്യൂൾ നിരക്ക് അനുസരിച്ചുള്ള എസ്റ്റിമേറ്റിനാണ് നൽകിയിരിക്കുന്നത്. എന്നാൽ 2010 ഷെഡ്യൂൾ നിരക്ക് പ്രാബല്യത്തിൽ വന്നതിനാൽ മേൽ നിരക്ക് പ്രകാരം എസ്റ്റിമേറ്റ് പുതുക്കി 2011 ജനുവരി മാസത്തോടെ ടെണ്ടർ ചെയ്യുന്നതാണ്.

(ഇ) എഗ്രിമെന്റ് കാലാവധി കഴിഞ്ഞ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

പള്ളുരുത്തി നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ

230(522) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളുരുത്തി നിയോജക മണ്ഡലത്തിൽ കഴിഞ്ഞ നാലര വർഷകാലയളവിനുള്ളിൽ ഫിഷറീസ് വകുപ്പ് ഏറ്റെടുത്ത് നടത്തിയിട്ടുള്ള പ്രധാന പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഫിഷറീസ് വകുപ്പിന് കീഴിലുള്ള ഇതര ഏജൻസികളും സഹകരണ സ്ഥാപനങ്ങളും പള്ളുരുത്തി മണ്ഡലത്തിൽ ചെയ്തിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) പള്ളുരുത്തി നിയോജക മണ്ഡലത്തിൽ കഴിഞ്ഞ നാലര വർഷത്തിൽ ഫിഷറീസ് മേഖലയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

(l) തിരദേശ റോഡുകളുടെ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളുടെ പുരോഗതി താഴെ പറയുന്നു:

(1) ഫിഷർമെൻ കോളനി റോഡ്, ചെല്ലാനം പൂർത്തീകരിച്ചു.

(2) മണിക്-കണ്ണമാലി റോഡ്, ചെല്ലാനം- പൂർത്തീകരിച്ചു.

(3) ജവഹർ റോഡ്, കുമ്പളങ്ങി- പൂർത്തീകരിച്ചു

(4) ആഞ്ഞിലിത്തറ റോഡ്, കുമ്പളങ്ങി-90% പൂർത്തീകരിച്ചു.

(5) കാട്ടിത്തറ റോഡ്, മരട്-പൂർത്തീകരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

(6) സുനാമി കോളനി റോഡ്, ചെല്ലാനം പൂർത്തീകരിച്ചു.

(7) എസ്.എൻ. ജംഗ്ഷൻ, ഒല്ലാരിക്കടവ് റോഡ്, കുമ്പളം-കരാറിലേർപ്പെട്ടു.

(8) വലിയപറമ്പ്-മെക്കാട് പി.കെ.എം. റോഡ്, കുമ്പളം-പ്രവൃത്തി ആരംഭിച്ചു.

(9) മുക്കാഞ്ഞിരത്ത് റോഡ്, കുമ്പളം-ടെണ്ടർ പരിശോധിച്ചു വരുന്നു.

(10) കളത്ര-കൊച്ചു ചിറക്കൽ ബ്രിഡ്ജ് റോഡ്, ചെല്ലാനം-പ്രവൃത്തി ആരംഭിച്ചു

(11) വ്യാസപുരം റോഡ്, കുമ്പളങ്ങി-പ്രവൃത്തി ആരംഭിച്ചു.

(12) എഴുപുന്ന-ഗുണ്ടുപറമ്പ്, ചെല്ലാനം പൂർത്തീകരിച്ചു.

(13) ഗണപതിക്കാട് റോഡ്, ചെല്ലാനം പൂർത്തീകരിച്ചു.

(II) ടി.ആർ.പി.-യിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പ്രവൃത്തികൾ ഏർപ്പാടാക്കിയിട്ടുണ്ട്.

(1) സെൻട്രൽ ഫിഷർമെൻ കോളനി റോഡ്, കുമ്പളം - പൂർത്തീകരിച്ചു.

(2) നടുത്തുരുത്തി റോഡ് കുമ്പളം - പൂർത്തീകരിച്ചു.

(3) കുണ്ടന്നൂർ തീരദേശ റോഡ്-കുമ്പളം - പൂർത്തീകരിച്ചു.

(4) കണ്ണാടിക്കാട് റോഡ്-ചമ്പക്കര റോഡ്, മരട് - പൂർത്തീകരിച്ചു.

(5) യുവ ജ്യോതി റോഡ്, കുമ്പളങ്ങി - പൂർത്തീകരിച്ചു.

(6) ജനത റോഡ് കുമ്പളങ്ങി - പൂർത്തീകരിച്ചു.

(7) മാളികപ്പറമ്പ് റോഡ്, ചെല്ലാനം - പൂർത്തീകരിച്ചു.

(8) പടന്നക്കരി റോഡ്, കുമ്പളങ്ങി - പൂർത്തീകരിച്ചു.

(9) ഇ.എം.എസ്. റോഡ്, കുമ്പളങ്ങി - പൂർത്തീകരിച്ചു.

(10) അറക്കപ്പാടത്ത് റോഡ്, കുമ്പളങ്ങി - പൂർത്തീകരിച്ചു.

(11) ചെല്ലാനം മിനി ഫിഷറി ഹാർബർ I st stage - പൂർത്തീകരിച്ചു

(III) റ്റി.ഇ.എ.പി.-യിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(1) ബി.പി. സെലസ്റ്റിൻ റോഡ്, കുമ്പളങ്ങി

(2) കണ്ണമാലി ഗ്യാപ് റോഡ്, ചെല്ലാനം

(3) സേവ്യർ ദേശ് റോഡ്, കുമ്പളങ്ങി

(4) സെന്റ് ആന്റണീസ് ചാപ്പൽ റോഡ്, ചെല്ലാനം

(5) ചെല്ലാനം-എഴുപുന്ന റോഡ്, ചെല്ലാനം

(6) പാടശേഖരം റോഡ്, കുമ്പളങ്ങി

(7) ഭജനമഠം കല്ലുത്തേരി റോഡ്, കുമ്പളങ്ങി

(8) എം.ജി. റോഡ്, കുമ്പളങ്ങി

LIBRARY ARCHIVES Kerala Legislative Assembly

(9) ജെട്ടി-കോലോടത്ത് റോഡ്, മരട്

(10)നെട്ടൂർ-തേവര ജെട്ടി റോഡ് മരട്

(11) കോലോടത്ത് റോഡ്, മരട്

(12)എം.എൽ.എ. റോഡ്, തട്ടംപറമ്പ് റോഡ്, മരട്.

(13)മഠത്തിൽ റോഡ്, കുമ്പളങ്ങി

(IV) സി.ആർ.എഫ്. പദ്ധതിയിൽപ്പെടുത്തി പെരുമ്പടപ്പ്-കുമ്പളങ്ങി ഭാഗത്ത് ഡ്രഡ്ജിംഗ് പൂർത്തിയാക്കിയിട്ടുണ്ട്.

(V) നബാർഡ് പദ്ധതിയിൽപ്പെടുത്തി ചെല്ലാനം മിനി ഫിഷിംഗ് ഹാർബറിന്റെ രണ്ടാംഘട്ട പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

(ബി) 1. കൊച്ചി കോർപ്പറേഷൻ പരിധിയിൽ വരുന്ന പള്ളുരുത്തി മത്സ്യ മാർക്കറ്റ് പണിയുന്നതിനായി 15 ലക്ഷം രൂപ അനുവദിച്ചു.

2. ഫിഷറീസ് വകുപ്പ് വഴി 2008-09 വർഷത്തിൽ ചെല്ലാനം പഞ്ചായത്തിൽ കണ്ടെക്കടവ് ഗ്യാപിൽ 3.75 ലക്ഷം കാര ചെമ്മീൻ കുഞ്ഞുങ്ങളെ 1.5 ലക്ഷം രൂപ ചെലവിൽ നിക്ഷേപിച്ചു. 2009-10 വർഷത്തിൽ കുമ്പളം പഞ്ചായത്തിലെ മുണ്ടപ്പള്ളിക്കടവ് പെപ്പനം ബണ്ട് പനങ്ങാട് ലാന്റിംഗ് സെന്റർ എന്നിവിടങ്ങളിൽ 8.0250 നാടൻ ചെമ്മീൻ കുഞ്ഞുങ്ങളെ 90,000 രൂപ മുടക്കി നിക്ഷേപിച്ചു.

3. ഓരുജല മത്സ്യകൃഷി അഞ്ച് ഗ്രൂപ്പുകൾ (ഒരു ഗ്രൂപ്പിൽ 16 കർഷകർ വീതം) 2.30 ഹെക്ടർ വിസ്തീർണ്ണം സ്ഥലത്ത് 2,86,062 രൂപ ചെലവഴിച്ചു. (61 ശതമാനം സബ്സിഡി)

4. കൂട് മത്സ്യകൃഷി - 12 യൂണിറ്റ് (ഒരു യൂണിറ്റിന് 3 കർഷകർ വീതം) 8,44,800 രൂപ ചെലവഴിച്ചു.

5. കരിമീൻ കൃഷി - 4 യൂണിറ്റ് (ഒരു യൂണിറ്റിൽ 3 കർഷകർ വീതം) 2,56,000 രൂപ ചെലവഴിച്ചു (80,000 രൂപ യൂണിറ്റ് കോസ്റ്റും, 80 ശതമാനം സബ്സിഡിയും)

6. ഐസിഎഡിപി പദ്ധതിയിൽ ഉൾപ്പെടുത്തി ചെല്ലാനം പഞ്ചായത്തിലെ പുത്തൻതോപ്പ് സ്കൂളിലേക്ക് ബസ്സ് വാങ്ങുന്നതിന് 10,12,825 രൂപയും ജിഎച്ച്എസ്എസ്പുത്തൻതോട് സ്കൂളിൽ നും നിർമ്മാണത്തിന് 17,50,000രൂപയും കുമ്പളങ്ങി പഞ്ചായത്തിൽ ആറ് അംഗൻവാടികൾ നിർമ്മിക്കുന്നതിന് 18.5 ലക്ഷം രൂപയും ചെല്ലാനം പഞ്ചായത്തിൽ അഞ്ച് അംഗൻവാടികൾക്കായി 17.5 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

7. മത്സ്യകേരളം പദ്ധതി ഒന്നും രണ്ടും ഘട്ടങ്ങളിൽ

സ്ഥലം	കർഷകർ	വിസ്തീർണ്ണം ഹെക്ടറിൽ	വിത്ത്	വില
ചെല്ലാനം	38	43.703	1092575	437030
കുമ്പളങ്ങി	7	10.509	262725	105090
കുമ്പളം	1	1.178	27,450	11,780
ചെല്ലാനം	3	4.254	57,600	23,040
കുമ്പളങ്ങി	10	7.831	178843	71537
ആകെ	59	67.475	162193	1292312

LIBRARY ARCHIVES Kerala Legislative Assembly

8. കഴിഞ്ഞ നാലര വർഷക്കാലയളവിനുള്ളിൽ മത്സ്യഫെഡ് ഏറ്റെടുത്ത് നടത്തിയിട്ടുള്ള പ്രവർത്തികളും അവയുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു:

ക്രമനമ്പർ	പദ്ധതിയുടെ പേര്	ചിലവഴിച്ചതുക (രൂപ ലക്ഷത്തിൽ)
1	മത്സ്യബന്ധനോപകരണ വായ്പ	276.04
2	മൈക്രോഫിനാൻസ് വായ്പ	455.35
3	പലിശരഹിത വായ്പ	255.70
4	എസ്.ജി.എസ്.വൈ. പദ്ധതി	10.67
5	ടേംലോൺ	14.50
6	സുനാമി അടിയന്തിര സഹായ പദ്ധതി-മത്സ്യവിപണനത്തിന് വാഹനം	5.96
7	സുനാമി പുനരധിവാസ പദ്ധതി-മത്സ്യ വിപണനത്തിന് വാഹനം	11.24
8	സുനാമി അടിയന്തിര സഹായ പദ്ധതി-ഫിഷ്കിയോസ്ക്	2.76
9	സുനാമി അടിയന്തിര സഹായ പദ്ധതി-പ്രവർത്തന മൂലധനം	64.67
	ആകെ	1096.89

മറൈൻ ബയോളജിക്കൽ റിസർച്ച് സെന്റർ, ഓഷ്യനേറിയം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

231(523) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിൽ സ്ഥാപിക്കുന്ന മറൈൻ ബയോളജിക്കൽ റിസർച്ച് സെന്റർ, ഓഷ്യനേറിയം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ;

(ബി) ഇതിനായി എത്ര കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; ഇതുവരെ എന്തു തുക ചെലവഴിച്ചു;

(സി) അന്താരാഷ്ട്ര നിലവാരമുള്ള മികവിന്റെ കേന്ദ്രങ്ങളായി ഈ സ്ഥാപനങ്ങളെ മാറ്റുന്നതിനുള്ള എന്തൊക്കെ നിർദ്ദേശങ്ങളാണ് നടപ്പിലാക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly